സ്ഥാപനങ്ങൾ എന്നിവയുടേയും സ്വകാര്യ സംരംഭകരുടേയും സഹകരണത്തോടെ നടപ്പിലാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ഡി) വ്യവസായങ്ങൾക്കുള്ള വൈദ്യുതി ചാർജ്ജ് മറ്റു ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്താൽ കേരളത്തിലാണ് കുറവ്. കേരളത്തിൽ വൈദ്യുതി ഉൽപ്പാദിപ്പിച്ച് വിതരണം നടത്തുന്നതിന് 199.5 പൈസ യൂണിറ്റൊന്നിന് ചെലവാക്കുമ്പോൾ വിൽപ്പന വഴി ലഭിക്കുന്നത് താരിഫ് പരിഷ്കരണത്തിനുമുമ്പ് 1.44 രൂപയും ഇപ്പോൾ ശരാശരി 189 പൈസയാണ്. ഇങ്ങനെ പരിഷ്ക്കരണത്തിനുശേഷം ഒരു യൂണിറ്റ് വൈദ്യുതി വിൽക്കുമ്പോൾ 10.5 പൈസ നഷ്ടം സഹിച്ചുകൊണ്ടിരിക്കുകയാണ്. മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ താരിഫ് ഇപ്പോഴും കുറവാണെന്നിരിക്കെ താരിഫ് പരിഷ്കരണം കൊണ്ടുമാത്രം വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടേണ്ടി വരുമെന്നു തോന്നുന്നില്ല.

111 (255) വൈദ്യുതി ഉൽപ്പാദനം

ശ്രീ. പി.ജെ. ജോയി :

ശ്രീ. വി. ബാലറാം :

ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1997-98 വർഷത്തിലെ മൊത്തം ആഭ്യന്തര വൈദ്യുതി ഉൽപ്പാദനം എത്ര യൂണിറ്റാണെന്ന് വെളിപ്പെടുത്താമോ;

(ബി) അതിൽ ഹൈഡൽ, തെർമൽ, സ്വകാര്യനിലയം എന്നിവയിൽ നിന്നുള്ളവ എത്ര വീതമായിരുന്നു എന്ന് വിശദമാക്കാമോ;

(സി) ഇതേവർഷം കേന്ദ്രപൂളിൽനിന്നും മറ്റു സംസ്ഥാനങ്ങളിൽ നിന്നും എത്ര യൂണിറ്റ് വൈദ്യുതി വാങ്ങി എന്നതിന്റെ വിശദാംശം നൽകാമോ;

(ഡി) 1998-99-ൽ മൊത്തം ആഭ്യന്തര വൈദ്യുതി ഉൽപാദനം എത്ര യൂണിറ്റാണെന്ന് ഇനം തിരിച്ച് വിശദമാക്കാമോ;

(ഇ) കേന്ദ്രപൂളിൽനിന്നും മറ്റു സംസ്ഥാനങ്ങളിൽനിന്നും ഇതേ വർഷം വാങ്ങിയ വൈദ്യുതിയുടെ വിശദാംശം വെളിപ്പെടുത്താമോ;

(എഫ്) ഹൈഡൽ വൈദ്യുതിയുടെ ഉൽപ്പാദനചെലവ് യൂണിറ്റിന് എത്രയാണ്;

(ജി) സംസ്ഥാനത്തിനകത്ത് ഉൽപ്പാദിപ്പിക്കുന്ന തെർമൽ വൈദ്യുതിയുടെ ഉൽപാദന ചെലവ് യൂണിറ്റിന് എത്രയാണ്;

(എച്ച്) കേന്ദ്രപൂളിൽ നിന്നും ലഭിക്കുന്ന വൈദ്യുതിക്ക് യൂണിറ്റിന് നൽകേണ്ടി വരുന്ന വില എത്രയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 5187.1264 മില്യൺ യൂണിറ്റ്

(ബി)

ഹൈഡൽ	-	5045.7620 മി.യു.
തെർമൽ	-	113.2005 മി.യു.
സ്വകാര്യനിലയം	-	28.1639 മി.യു.

LIBRARY ARCHIVES Kerala Legislative Assembly

(സി)	കേന്ദ്രപൂളിൽ നിന്ന്	-	4302.85 മി.യു.
	തമിഴ്നാട്ടിൽ നിന്ന്	-	23.45 മി.യു
	കിഴക്കൻ മേഖല വൈദ്യുത ബോർഡിൽ നിന്ന്	-	125.87 മി.യു.
(ഡി)	മൊത്തം	-	7841.9082 മി.യു.
	തെർമൽ	-	251.277 മി.യു.
	ഹൈഡൽ	-	7304.8001 മി.യു.
	സ്വകാര്യനിലയം(മണിയാർ)	-	43.8838 മി.യു.
	എൻ.ടി.പി.സി.	-	241.9473 മി.യു.

(ഇ) കേന്ദ്രപൂളിൽ നിന്ന് 3115.34 മി.യു. കിഴക്കൻ മേഖലാ വൈദ്യുതി ബോർഡിൽ നിന്നും 201.94 മി.യു.

(എഫ്) 1997-98-ലെ താൽക്കാലിക കണക്കനുസരിച്ച് 19.49 പൈസ.

(ജി) 1999 മാർച്ചിലെ കണക്കനുസരിച്ച് വൈദ്യുതി ബോർഡിന്റെ തെർമൽ പദ്ധതിയായ ബ്രഹ്മപുരത്തു നിന്നും ഒരു യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള ചെലവ് രണ്ടു രൂപ തൊണ്ണൂറ്റി അഞ്ചു പൈസ (2.95) യാണ്.

(എച്ച്) കേന്ദ്രപൂളിൽ നിന്നും വാങ്ങുന്ന വൈദ്യുതിയുടെ ശരാശരി വില ചുവടെ ചേർക്കുന്നു.

എൻ.ടി.പി.സി.	-	135.52 പൈസ
നെയ്വേലി ഘട്ടം-1	-	110.88 പൈസ
നെയ്വേലി ഘട്ടം-2	-	176.18 പൈസ
ന്യൂക്ലിയർ പവർ കോർപ്പറേഷൻ	-	177.41 പൈസ.

112 (256) വൈദ്യുത പദ്ധതികൾ

ശ്രീ. വി.ജെ. പൗലോസ് :

ശ്രീ. കെ. ബാബു :

ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2000-ാമാണ്ട് മുതൽ 2007 വരെ ഓരോ വർഷവും പൂർത്തിയാക്കാനുദ്ദേശിച്ചിട്ടുള്ള വൈദ്യുത പദ്ധതികളുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഈ ഓരോ വർഷത്തേയും നിലവച്ച് ഡീസൽ നിലയങ്ങളുടേയും ജലവൈദ്യുത പദ്ധതികളുടേയും സ്ഥാപിതശേഷി എത്രയായിരിക്കും?

ഉത്തരം

(എ) 1999-2000-മാണ്ടു മുതൽ 2003-ാം മാണ്ട് വരെ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന വൈദ്യുത പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

1999 - 2000

ജലവൈദ്യുത പദ്ധതികൾ

1.	കക്കാട്	-	50 മെഗാവാട്ട്

LIBRARY ARCHIVES Kerala Legislative Assembly